LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂർ കോട്ടപ്പുറം ജലഗതാഗത സർവ്വീസിനായി ഓഫീസ് കെട്ടിടം

92 [530] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ആയിറ്റിയിൽ കൊറ്റി-കോട്ടപ്പുറം ജലഗതാഗത സർവ്വീസിനായി പഞ്ചായത്ത് സൗജന്യമായി കൈമാറിയ സ്ഥലത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

ആയിറ്റിയിൽ ഓഫീസ് കം-വർക്ക്ഷോപ്പ് പണിയുന്നതിന് ഗ്രാമപഞ്ചായത്തനു വദിച്ചിട്ടുള്ള ഒരു ലക്ഷം രൂപയും എം.എൽ.എ. ഫണ്ടിൽ നിന്നുള്ള 2 ലക്ഷം രൂപയും ഉപയോഗിച്ച് ഒന്നാം ഘട്ട ജോലികൾ തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിനെക്കൊണ്ട് നിർവ ഹിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

വടകര-നഞ്ചൻകോട്-മൈസൂർ റെയിൽവേ ലൈനിന്റെ സർവ്വേ

93 [531] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിൽ നിന്നും നഞ്ചൻകോട് വഴി മൈസൂരിലേക്ക് പുതിയ-റെയിൽവെ ലൈനിന്റെ സർവ്വേ നടക്കുന്നുണ്ടോ;

(ബി) ഏതുവർഷമാണ് കേന്ദ്ര റെയിൽവേ മന്ത്രാലയം ഇതിന് തീരുമാനം എടുത്തത്;

(സി) ഈ വർഷം സംസ്ഥാന ഗവൺമെന്റ് കേരളത്തിന്റെ റെയിൽവേ വികസനത്തിന് നൽകിയ നിവേദനത്തിൽ വടകര-നഞ്ചൻകോട്-മൈസൂർ റെയിൽവേ ലൈനിന്റെ ആവശ്യം ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.